കുറ്റിക്കോൽ സഹകരണ ബാങ്കിൽ വായ്പ തട്ടിയെടുക്കൽ

113 (3267) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ കുറ്റിക്കോൽ സഹകരണ ബാങ്കിൽ ജീവനക്കാരുടെ നേതൃത്വത്തിൽ മുക്കുപണ്ടം പണയം വച്ച് വായ്പ തട്ടിയെടുത്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ;വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം

114 (3268) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൺസ്യൂമർഫെഡിന്റെ കീഴിൽ എത്ര ത്രിവേണി സ്റ്റോറുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, നന്മ സ്റ്റോറുകൾ, സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ അനുവദിച്ചിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എത്രയെണ്ണം ലാഭത്തിൽ പ്രവർത്തിക്കുന്നു എന്ന് വേർതിരിച്ച് വ്യക്തമാക്കുമോ;

(സി) സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളിൽ എത്രയെണ്ണം പ്രവർത്തനം അവസാനിപ്പിച്ചു എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കൺസ്യൂമർഫെഡിനു കീഴിൽ 272 ത്രിവേണി സ്റ്റോറുകളും 102 നീതി മെഡിക്കൽ സ്റ്റോറുകളും 869 നന്മ സ്റ്റോറുകളും 142 സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളും അനുവദിച്ചിരുന്നു.

(ബി) ഇവയിൽ 5 ത്രിവേണി സ്റ്റോറുകളും 30 നീതി മെഡിക്കൽ സ്റ്റോറുകളുമാണ് ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്നത്. നന്മ സ്റ്റോറുകളും സഞ്ചരിക്കുന്ന ത്രിവേണികളും എല്ലാം നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly